# മുട്ടക്കോഴികളിലെ കൊത്തുകൂടലും ചില സ്വഭാവ വൈകല്യങ്ങളും

ഡോ . സ്മിത ശിവദാസൻ
ഡോ . ഷിനോജ് സുബ്രമണ്യൻ




കേരളത്തിലെ നല്ലൊരു ശതമാനം ആഭ്യന്തര മുട്ടയുത്പാദനവും അടുക്കളമുറ്റങ്ങളിൽ വളർത്തുന്ന കോഴികളിൽ നിന്നാണ്. മുട്ടയും മാംസവും ലഭിക്കണമെന്നുള്ള ഇരട്ടലക്ഷ്യത്തോടെയാണ് പലരും കോഴികളെ വളർത്തുന്നത്. നാടൻ കോഴിയിനങ്ങളെയാണ് ആദ്യകാലങ്ങളിൽ വളർത്തിയിരുന്നതെങ്കിൽ, മുട്ടയുത്പാദനത്തിൽ വർദ്ധനവും സ്വയംപര്യാപ്തതയും കൈവരിക്കാൻ ഉയർന്ന ഉത്പാദനശേഷിയുള്ള സങ്കരയിനം കോഴികളെയാണ് നമ്മൾ ഇന്ന് വളർത്തിവരുന്നത്. പകൽ സമയങ്ങളിൽ പറമ്പിൽ തുറന്നു വിട്ട് വളർത്തുന്നരീതിയാണ് ആദ്യകാലങ്ങളിൽ അവലംബിച്ചിരുന്നത്. എന്നാൽ ഈ രീതി ഇപ്പോൾ പ്രായോഗികമല്ല. നിയന്ത്രിതമായി കുറച്ചു സമയം മാത്രം തുറന്നു വിട്ടോ പൂർണമായി കൂട്ടിലിട്ടോ ആണ് ഇപ്പോൾ കോഴികളെ വളർത്തുന്നത്. ഇങ്ങനെ വളർത്തുമ്പോൾ കോഴികളുടെ സ്വാഭാവികമായുള്ള ചിക്കലും ചികയലും അതുപോലുള്ള കായിക പ്രവർത്തനങ്ങളും നടക്കാറില്ല. അതുകൊണ്ട് തന്നെ പരിമിതസ്ഥലത്ത് വളർത്തുന്ന കോഴികളിൽ കൊത്തുകൂടൽ, മുട്ടകൊത്തിപ്പൊട്ടിക്കൽ തുടങ്ങിയ സ്വഭാവ വൈകല്യങ്ങൾ കണ്ടുവരുന്നു. ഇവ തക്കതായസമയത്ത് കണ്ടുപിടിച്ചാൽ പരിഹാരമാർഗ്ഗങ്ങൾ അവലംബിക്കാൻ സാധിക്കും.

**കൊത്തുകൂടൽ:**

മേൽ സൂചിപ്പിച്ചതുപോലെ കുറഞ്ഞ സ്ഥലത്ത് കൂടുതൽ കോഴികളെ വളർത്തുന്നതിന് പുറമെ തീറ്റയിലെമാറ്റങ്ങൾ, വെളിച്ചം എന്നിവ കോഴികളിലെ കൊത്തുകൂടലിന് കാരണമാണ്. വാൽഭാഗത്തെയും പുറത്തെയും തൂവലുകളാണ് ആദ്യം കൊത്തിതുടങ്ങുന്നത്. ഒരിക്കൽ രക്തം കണ്ടാൽ കൂടുതൽ കോഴികൾ കൊത്തും. മുട്ടയിട്ട് തുടങ്ങുന്ന കോഴികളിലും വലിയ മുട്ട ഇടുന്ന കോഴികളിലും പിൻഭാഗത്ത് രക്തത്തിന്റെ അംശം ഉണ്ടാവും എന്നതിനാൽ മറ്റ് കോഴികൾ ഇവയെ കൊത്താനുള്ള സാധ്യതയുണ്ട്. കൊത്തുകൂടുന്നത് മരണത്തിന് വരെ കാരണമാവാം.

കൂട്ടിലെ സ്ഥലക്കുറവ് തിക്കും തിരക്കിനും കാരണമാകുകയും കൊത്തുകൂടലിന് സാധ്യത കൂട്ടുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി ഓരോ കോഴിക്കും പ്രായം അനുസരിച്ച് സ്ഥലം കണക്കാക്കി നൽകേണ്ടതാണ്. ഉദാഹരണത്തിന് ഡീപ് ലിറ്റർ രീതിയിൽ വളർത്തുന്ന മുട്ടയിട്ട് തുടങ്ങിയ ഒരു കോഴിക്ക് 2.0-2.5 ചതുരശ്ര അടി സ്ഥലം ആവശ്യമുള്ളപ്പോൾ കൂട്ടിലിട്ട് വളർത്തുന്നവയ്ക്ക് 0.8 ചതുരശ്ര അടി സ്ഥലം മാത്രം മതി. എന്നാൽ വീടുകളിൽ ഉപയോഗിക്കുന്ന തടികൊണ്ട് ഉണ്ടാക്കുന്ന കൂട്ടിലാണെങ്കിൽ 1.2-1.5 ചതുരശ്ര അടി സ്ഥലം വേണ്ടിവരും. കൂട്ടിലിട്ട് വളർത്തുന്ന കോഴികൾക്ക് തുറസ്സായ സ്ഥലത്ത് നടക്കാൻ സൗകര്യം കൂടി ഒരുക്കേണ്ടതുണ്ട് .

കൂട്ടിൽ മുട്ടക്കോഴികളെ വളർത്തുമ്പോൾ പെല്ലറ്റ് തീറ്റയേക്കാൾ മാഷ് തീറ്റ അഥവാ പൊടി തീറ്റ കൊടുക്കുന്നതാണ് ഉത്തമം. പെല്ലറ്റ് തീറ്റ താരതമ്യേന വേഗം തിന്നുതീരുകയും തുടർന്നുള്ള സമയം തമ്മിൽ കൊത്തുകൂടാനുള്ള പ്രവണത അധികമാവുകയും ചെയ്യും എന്നതിലാണിത്. തീറ്റയിൽ ഉപ്പ് കുറഞ്ഞാലും കൊത്തുകൂടൽ കണ്ടുവരാം. തീറ്റയിൽ ഉപ്പ് അരശതമാനം ഉണ്ടെന്ന് ഉറപ്പുവരുത്തണം. എന്നാൽ ഉപ്പിന്റെ അളവ് കൂടിയാൽ മറ്റു രോഗങ്ങൾ ഉണ്ടാകാൻ സാധ്യത ഉണ്ട് എന്ന് ഓർമവേണം. തീറ്റയിൽ മാംസ്യത്തിന്റെ അളവുകുറഞ്ഞാലും ഇങ്ങനെയുള്ള പ്രവണതകൾ

കണ്ടുവരാം. മാംസ്യത്തിന്റെ അളവ് കൂട്ടാൻ അസോള നൽകുന്നത് സഹായകരമാകും. മുട്ടക്കോഴി ഒന്നിന് 10-15 ഗ്രാം അസോള ഒരു ദിവസം നൽകാം. ഇതിനുപുറമെ അമിനോഅമ്ലങ്ങളും ധാതുലവണങ്ങളും വിറ്റാമിനുകളും അടങ്ങിയ മിശ്രിതങ്ങളും തീറ്റയിലോ വെള്ളത്തിലോ ചേർത്തുനൽകാവുന്നതാണ് .

കൊത്തുകൂടലിൽ നിന്ന് ശ്രദ്ധതിരിക്കാൻ ഉതക്കുന്ന വിധത്തിലുള്ള വസ്തുക്കൾ കൂട്ടിൽ ഇട്ടുകൊടുക്കാവുന്നതാണ്. ഇലകൾ, പുല്ല്, വാഴയില, വാഴപിണ്ടി എന്നിവ ശ്രദ്ധ ആകർഷിക്കുന്നതിന് പുറമെ കോഴികൾക്ക് തീറ്റയിലെ നാരംശം ലഭിക്കാനും സഹായിക്കുന്നു. കൂട്ടിൽ പേപ്പർ കഷ്ണങ്ങളോ പ്ലാസ്റ്റിക് വസ്തുക്കളോ തൂക്കിയിടാവുന്നതാണ്. ഇത് കോഴികൾക്ക് വെറുതെ ഉള്ള സമയം ചിലവഴിക്കാൻ സഹായിക്കുകയും അതുവഴി കൊത്തുകൂടലും ഒരു പരിധിവരെ കുറക്കാനും സഹായിക്കും .

ബാഹ്യപരാദങ്ങൾ കോഴികളുടെ തൂവൽ കൊഴിച്ചിലിനും ത്വക്ക് രോഗങ്ങൾക്കും തൊലിപ്പുറത്തെ രക്തസ്രാവത്തിനും കാരണമാകും. ഇത് കൊത്തുകൂടൽ പ്രവണത കൂട്ടാൻ സാധ്യതയേറ്റും. അതിനാൽ ബാഹ്യപരാദങ്ങളെ തുരത്താൻ ആവശ്യമായ മരുന്നുകൾ ഉപയോഗിക്കുക .

സാധാരണ കോഴിക്കുഞ്ഞുങ്ങൾക്ക് ആദ്യത്തെ ആഴ്ചയിലോ 5 ആഴ്ചയാകുമ്പോഴോ 14-16 ആഴ്ചയാകുമ്പോഴോ ചുണ്ട് മുറിച്ചു കൊടുക്കാറുണ്ട്. ഇത് കോഴികൾ കൊത്തുകൂടാതിരിക്കാനും തീറ്റ പാഴാകാതിരിക്കാനും സഹായിക്കുന്നു. ഇത്തരത്തിൽ ചുണ്ട് മുറിക്കുന്നതിനെ ഡീബീക്കിങ് എന്നാണ് പറയുന്നത്. വലുപ്പം അനുസരിച്ച് മേൽച്ചുണ്ടിന്റെ മൂന്നിൽ രണ്ടു ഭാഗമോ മൂന്നിൽ ഒരു ഭാഗമോ കീഴ്ച്ചുണ്ടിന്റെ മൂന്നിൽ ഒരുഭാഗവും പ്രത്യേക ഉപകരണം ഉപയോഗിച്ച് മുറിക്കാവുന്നതാണ്. ഇത് അതീവ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണ്. അധികം മുറിച്ചാൽ കോഴികൾക്ക് തീറ്റയെടുക്കാൻ ബുദ്ധിമുട്ടുണ്ടാകാം. ചുണ്ട് മുറിച്ച് 2-3 ദിവസത്തേയ്ക്ക് തീറ്റയെടുക്കുമ്പോൾ ചുണ്ടുകൾ തീറ്റ പാത്രത്തിന്റെ അടിയിൽ തട്ടാത്ത രീതിയിൽ തീറ്റ നിറച്ചു നൽകുവാൻ ശ്രദ്ധിക്കണം.

മുട്ടക്കോഴികൾക്ക് 16 മണിക്കൂറെങ്കിലും വെളിച്ചം ലഭിക്കേണ്ടതാണ്. ഇത് മുട്ടയുത്പാദനം മെച്ചപ്പെട്ടരീതിയിൽ നിലനിർത്താൻ സഹായിക്കും. അതിനാൽ വാണിജ്യാടിസ്ഥാനത്തിൽ കോഴികളെ വളർത്തുമ്പോൾ കർഷകർ കൃത്രിമ വെളിച്ചം നൽകാറുണ്ട്. എന്നാൽ കൃത്രിമ വെളിച്ചം തീവ്രത കൂടിയ ബൾബുകൾ ഉപയോഗിച്ച് നൽകാതെയും ആവശ്യത്തിലധികം നൽകാതെയും ശ്രദ്ധിക്കേണ്ടതാണ്. വെളിച്ചത്തിന്റെ തീവ്രതയും ദൈർഘ്യവും കൂടുന്നത് കോഴികളുടെ കൊത്തുകൂടലിന് കാരണമാവാം. അതുപോലെ പകൽ സമയങ്ങളിൽ വെളിച്ചം കൂടുന്നതും കൊത്തുകൂടൽ കൂട്ടാൻ ഇടവരുത്തും. ഇത് നിയന്ത്രിക്കാൻ വായുസഞ്ചാരമുള്ള ഷേഡ് നെറ്റുകൾ ഉപയോഗിച്ച് മറച്ച് കൊടുക്കാവുന്നതാണ്. കൂട്ടിൽ ചുവന്ന വെളിച്ചം ഇട്ടാൽ കൊത്തുകൂടൽ കുറക്കാനും മുട്ടയുല്പാദനം മെച്ചപ്പെടുത്താനും സഹായകരമാകും എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു .

**മുട്ടകൊത്തിപ്പൊട്ടിക്കൽ:**

കോഴികളിൽ കണ്ടുവരുന്ന മറ്റൊരു പ്രധാന സ്വഭാവവൈകല്യമാണ് മുട്ടകൊത്തിപ്പൊട്ടിച്ച് കുടിയ്ക്കൽ. മുട്ടയുടെ തോടിന്റെ കട്ടികുറവോ കൂട്ടിൽ അബദ്ധത്തിൽ മുട്ട പൊട്ടുകയോ ചെയ്താൽ ഈ പ്രവണത കൂടുതലാവുകയും ചെയ്യും. മുട്ട കൂടുതൽ സമയം കൂട്ടിൽ കിടന്നാലും ഇങ്ങനെ ഉണ്ടാകാം. കോഴികളിൽ മുട്ട കൊത്തിക്കുടിക്കുന്ന സ്വഭാവം ഉണ്ടായാൽ മാറ്റിയെടുക്കുക ദുഷ്കരമാണ്.

തോടിന്റെ കട്ടികുറവാണെങ്കിൽ കോഴിയൊന്നിന് ദിവസേന 4-5 ഗ്രാം പച്ച കക്കത്തോട് പൊടിച്ചതോ വിപണിയിൽ ലഭ്യമായ കാൽസ്യം മിശ്രിതങ്ങളോ, മരുന്നുകളോ നൽകാവുന്നതാണ്. ചുണ്ടു മുറിച്ച കോഴികളിൽ മുട്ട കൊത്തിപ്പൊടിക്കുന്ന പ്രവണത കുറവാണ് എന്നതിനാൽ ചുണ്ട് മുറിക്കൽ ഒരു പരിഹാരമാണ്. കൂട്ടിൽ വെളിച്ചം കുറയ്ക്കുകയും, മുട്ട കൊത്തുന്ന കോഴികളെ മാറ്റിപ്പാർപ്പിക്കുകയും, കൂട്ടിൽ നിന്ന് അടിക്കടി മുട്ട ശേഖരിക്കുകയും ചെയ്യുന്നത് ഒരു പരിഹാര മാർഗമാണ്. ഹൈടെക് കൂടുകളിൽ മുട്ട പുറത്തേക്ക് ഉരുണ്ടുപോയി ചാലിൽ നിൽക്കുന്ന വിധത്തിൽ ഉള്ള സംവിധാനമുണ്ടെന്നതിനാൽ ഇത് പ്രശ്നമാവുകയില്ല.

ഇതിനു പുറമെ കൂട്ടിൽ വിരിപ്പാണെങ്കിൽ നെസ്റ്റ്ബോക്സുകൾ വെച്ച്കൊടുക്കാം. 5 കോഴികൾക്ക് ഒരു നെസ്റ്റ്ബോക്സ് എന്ന കണക്കിൽ 50 X 20 X 30 .സെ മി വലിപ്പമുള്ള ബോക്സിൽ ചകിരിയോ വൈക്കോലോ വെച്ചുകൊടുക്കാം.

**മുട്ടഒളിപ്പിക്കൽ**

ചെടികൾക്കിടയിലും പുല്ലിനിടയിലും മുട്ടയിട്ട് ഒളിപ്പിച്ചുവെക്കുന്ന സ്വഭാവം പ്രധാനമായും ചില തുറന്നുവിട്ടു വളർത്തുന്ന നാടൻ കോഴികളിലാണ് കണ്ടു വരുന്നത്. ഇങ്ങനെ കണ്ടാൽ കോഴികളെ പുറത്തുവിടുന്നത് നിയന്ത്രിക്കുകയും മുട്ടയിടാനായി പ്രത്യേകം നെസ്റ്റ് ബോക്സ് വെച്ച് നൽകുകയും ചെയ്യാം.

**പൈക്ക**

ഭക്ഷ്യയോഗ്യമല്ലാത്ത വസ്തുക്കൾ കഴിക്കുന്ന ശീലത്തിനെയാണ് പൈക്ക എന്നറിയപ്പെടുന്നത് .ഉദാഹരണത്തിന്, തൂവൽ, ഡീപ് ലിറ്ററിൽ ഉപയോഗിക്കുന്ന തറ വിരി എന്നിവ കഴിക്കുക. തറ വിരിയിൽ വളർത്തുന്ന കോഴികളിൽ അറക്കപ്പൊടി പോലുള്ള പുതിയ വിരിയ്പ്പ് ഉപയോഗിക്കുമ്പോൾ അത് തിന്നുന്ന ശീലം കാണാറുണ്ട്. ഫോസ്ഫറസ് ധാതുവിന്റെ കുറവോ ബാഹ്യ പരാദകങ്ങളോ കൂടി ഇത്തരം സ്വഭാവത്തിന് കാരണമാകാം. സമീകൃത തീറ്റ കൊടുത്താൽ ഈ സ്വഭാവം കുറയ്ക്കാവുന്നതാണ് ■

*ഐ. സി .എ .ആർ*
*കൃഷി വിജ്ഞാന*
*കേന്ദ്രം സി.എം.എഫ്.*
*ആർ.ഐ,*
*ഞാറക്കൽ, എറണാകുളം.*